"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ബഹു. കേരള ഹൈക്കോടതി മുമ്പാകെ ചിറയ്ക്കൽ കോവിലകം അംഗമായ ശ്രീമതി സി.കെ.സുജാത വർമ്മ ഫയൽ ചെയ്ത WP(C) 16100/2020 മേലുള്ള 13.11.2023 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

---

**പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ്**

സ.ഉ.(സാധാ) നം.5309/2024/GAD തീയതി,തിരുവനന്തപുരം, 02-12-2024

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 1208/1969/ആർ.ഡി, തീയതി 29.08.1969.
2. ചിറയ്ക്കൽ കോവിലകം വലിയ തമ്പുരാട്ടി സി.കെ.തങ്കം സമർപ്പിച്ച 27.01.2015, 19.05.2017, 11.07.2018 തീയതികളിലെ നിവേദനങ്ങൾ.
3. സ.ഉ. (സാധാ) നം. 2524/2019/പൊ.ഭ.വ, തീയതി 06.05.2019.
4. ബഹു. കേരള ഹൈക്കോടതി മുമ്പാകെ കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ കോവിലകം അംഗമായ ശ്രീമതി സി.കെ.സുജാത വർമ്മ ഫയൽ ചെയ്ത WP(C) 16100/2020 മേലുള്ള 13.11.2023 ലെ വിധിന്യായം.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ കോവിലകത്തെ ജീവിച്ചിരിക്കുന്ന അംഗങ്ങൾക്ക് കേരളത്തിലെ മുൻ നാട്ടുരാജാക്കന്മാർക്കും കുടുംബാംഗങ്ങൾക്കും അനുവദിച്ചുവരുന്ന ഫാമിലി പെൻഷൻ അനുവദിക്കണമെന്ന പരാമർശം (2) നിവേദനം നിരസിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരെ കണ്ണൂർ ജില്ലയിലെ ചിറക്കൽ കോവിലകം അംഗമായ ശ്രീമതി സി.കെ.സുജാത വർമ്മ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 16100/2020 മേലുള്ള 13.11.2023 ലെ വിധിന്യായത്തിൽ അന്യായക്കാരിയുടെ ആവശ്യം പുനഃപരിശോധിക്കുവാനും വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനും ബഹു.ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി.

2. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സ്റ്റാൻഡിംഗ് ഉത്തരവിലെ നിയമാവലിക്കനുസൃതമായാണ് കേരളത്തിലെ മുൻ നാട്ടുരാജാക്കന്മാർക്കും കുടുംബാംഗങ്ങൾക്കും ഫാമിലി & പൊളിറ്റിക്കൽ പെൻഷൻ അനുവദിച്ചു വരുന്നത്. പ്രസ്തുത ഉത്തരവിൻ പ്രകാരം 01.07.1949 ന് ജിവിച്ചിരുന്ന തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളുടെ ഭാഗമായിരുന്ന പ്രായപൂർത്തിയായവർക്കും അല്ലാത്തവർക്കുമായി ഫാമിലി & പൊളിറ്റിക്കൽ പെൻഷൻ നിജപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ, സർക്കാർ പരാമർശം (3)

ഉത്തരവിൽ ഉറച്ചുനിൽക്കുകയും കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ കോവിലകത്തെ ജീവിച്ചിരിക്കുന്ന അംഗങ്ങൾക്ക് കേരളത്തിലെ മുൻ നാട്ടുരാജാക്കന്മാർക്കും കുടുംബാംഗങ്ങൾക്കും അനുവദിച്ചുവരുന്ന ഫാമിലി പെൻഷൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചുകൊണ്ട് പരാമർശം (4) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹരി കുമാർ ജി

ADDITIONAL SECRETARY AND SPO

ജില്ലാ കളക്ടർ, കണ്ണൂർ

ശ്രീമതി സി.കെ.സുജാത വർമ്മ, 'അശ്വതി', ചിറയ്ക്കൽ കോവിലകം, ചിറയ്ക്കൽ.പി.ഒ., കണ്ണൂർ

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (with covering letter)

ധനകാര്യ വകുപ്പ് (ഫയൽ നം. Exp-A2/298/2024-FIN (2779203) )

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Hari. P. Nair
Date: 04-12-2024 11:27:01

സെക്ഷൻ ഓഫീസർ